# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1016 | 30.06.2015 ലെ മറുപടിക്ക്

## മിഷൻ 676 ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.ഡി.സതീശൻ | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) | 1. ഗോഡ്സ് ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം<br>2. ഹോപ്പ് ഓൺ ഹോപ്പ് ഓഫ് ആന്റ് വാട്ടർ ടാക്സി ബോട്ട് സർവ്വീസ്<br>3. വിഭിന്നശേഷിയുള്ള വിനോദ സഞ്ചാരികൾക്ക് വേണ്ടി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സൗഹൃദ പശ്ചാത്തലമൊരുക്കൽ<br>4. സ്പൈസ് റൂട്ട് പദ്ധതി<br>5. വിസ ഓൺ അറൈവൽ<br>6. കോവളം ക്രാഫ്റ്റ് വില്ലേജ് പൂർത്തിയാക്കൽ |
| സി) | പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | സി) | പ്രസ്തുത പദ്ധതികളിൽ ഹോപ്പ് ഓൺ ഹോപ്പ് ഓഫ് സർവ്വീസ് ആരംഭിച്ചു കഴിഞ്ഞു. സ്പൈസ് റൂട്ട് പദ്ധതിക്കു വേണ്ടി UNESCO യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കേരള ക്രാഫ്റ്റ് വില്ലേജിന്റെ നവീകരണത്തിന് 4.5 കോടി രൂപയ്ക്കും 2.5 കോടി രൂപയ്ക്കും രണ്ട് പ്രവർത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി അന്തിമഘട്ടത്തിലാണ്. തിരുവനന്തപുരം, കൊച്ചി രാജ്യാന്തര വിമാനത്താവളങ്ങൾ ഉൾപ്പെടെ ഇന്ത്യയിൽ എട്ട് വിമാനത്താവളങ്ങളിൽ വിസ ഓൺ അറൈവൽ സംവിധാനം |

(........ 2)

നിലവിൽ വന്നിട്ടുണ്ട്. രണ്ട് വിമാനത്താവളങ്ങളിൽ ഈ സൗകര്യം ഏർപ്പെടുത്തുന്ന ഏക സംസ്ഥാനം കേരളമാണെന്ന പ്രത്യേകതയുമുണ്ട്. ടൂറിസം വകുപ്പ് ഏറ്റെടുക്കുന്ന infrastructure Projectകളിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേക പരിഗണന നൽകിവരുന്നു.

Anuradha

**സെക്ഷൻ ഓഫീസർ**